# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 സെപ്റ്റംബർ 30

# വാർത്താക്കുറിപ്പ്

## പി.ജി. പ്രവേശന ക്വാട്ട: റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ഏകജാലകം വഴിയുള്ള ബിരുദാനന്തര - ബിരുദ കോഴ്സ് പ്രവേശനത്തിന് സ്പോർട്സ്/കൾച്ചറൽ/പി.ഡി. ക്വാട്ടകളിലേക്കുള്ള അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു. പട്ടികയിൽ ഉൾപ്പെട്ടവർ ഒക്ടോബർ നാലിനകം കോളേജുകൾ നിഷ്കർഷിക്കുന്ന സമയത്ത് ഹാജരായി പ്രവേശനം നേടണം.

(പി.ആർ.ഒ/39/988/2021)

## ബിരുദ പ്രവേശനം: സംവരണ വിഭാഗക്കാർക്കുള്ള പ്രത്യേക അലോട്മെന്റ്

മഹാത്മാഗാന്ധി സർവകലാശാല ബിരുദ പ്രവേശനത്തിന് പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്കായുള്ള ഒന്നാം പ്രത്യേക അലോട്മെന്റ് ലഭിച്ചവർ നിശ്ചിത സർവകലാശാല ഫീസ് ഓൺലൈനായി അടച്ച് ഒക്ടോബർ നാലിന് വൈകീട്ട് നാലിനകം അലോട്മെന്റ് ലഭിച്ച കോളേജിൽ ഹാജരായി പ്രവേശനം നേടണം.

അലോട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട്, യോഗ്യത തെളിയിക്കുന്ന അസൽ സാക്ഷ്യപത്രങ്ങൾ സഹിതം വേണം കോളജുകളിൽ പ്രവേശനത്തിനായി എത്താൻ.

നിശ്ചിത സമയത്തിനകം ഫീസടയ്ക്കാത്തവരുടേയും ഫീസടച്ചശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്മെന്റ് റദ്ദാക്കും.

പട്ടികജാതി/പട്ടിക വർഗ വിഭാഗത്തിൽപ്പെട്ടവർക്കായുള്ള ഒന്നാം പ്രത്യേക അലോട്മെന്റിൽ പ്രവേശനത്തിനർഹത നേടിയവർ അലോട്മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടുന്നപക്ഷം ഓൺലൈനായി അടയ്ക്കുന്ന യൂണിവേഴ്സിറ്റി ഫീസിന് പുറമെ ട്യൂഷൻ ഫീസ് ഉൾപ്പെടെയുള്ള ഫീസ് കോളേജുകളിൽ അടച്ച് പ്രവേശനം ഉറപ്പാക്കേണ്ടതാണ്.

മുൻ അലോട്മെന്റുകളിൽ അലോട്മെന്റ് ലഭിച്ച് താൽക്കാലിക പ്രവേശനമെടുത്തവരുൾപ്പെടെ എല്ലാ വിഭാഗം എസ് സി./എസ്.ടി. അപേക്ഷകരും അലോട്മെന്റ് ലഭിച്ച കോളേജുകളിൽ ഒക്ടോബർ നാലിന് വൈകീട്ട് നാലിനകം സ്ഥിരപ്രവേശനം നേടാത്തപക്ഷം അത്തരം അപേക്ഷകരുടെ അലോട് മെന്റും റദ്ദാക്കും. മുൻ അലോട്മെന്റുകളിൽ താൽക്കാലിക/സ്ഥിരപ്രവേശനമെടുത്ത് നിൽക്കുന്നവർ പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്കായുള്ള ഒന്നാം സ്പെഷൽ അലോട്മെന്റിൽ പങ്കെടുക്കുകയും അലോട്മെന്റ് ലഭിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അത്തരക്കാർ നിലവിൽ ലഭിച്ച അലോട് മെന്റിൽതന്നെ പ്രവേശനം നേടണം. ഇത്തരക്കാരുടെ മുൻ അലോട്മെന്റ് റദ്ദാക്കപ്പെട്ടിട്ടുണ്ട്.

(പി.ആർ.ഒ/39/989/2021)

## ഇന്നത്തെ (ഒക്ടോബർ 1) വാക്ക് -ഇൻ-ഇന്റർവ്യൂ മാറ്റി

മഹാത്മാഗാന്ധി സർവകലാശാലക്ക് കീഴിലുള്ള ഇന്റർനാഷണൽ ആൻഡ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആൻഡ് നാനോടെക്നോളജി എന്ന സ്ഥാപനത്തിലേക്ക് എച്ച് ആർ ടി ഇ എം അനലറ്റിക്കൽ എഞ്ചിനിയർ തസ്തികയിൽ കരാർ നിയമനത്തിനായി ഇന്ന് (ഒക്ടോബർ 1)

(പി.ആർ.ഒ/39/990/2021)

## ഒക്ടോബർ 5 ലെ പരീക്ഷ മാറ്റി

ഒന്നാം സെമെസ്റ്റർ സി.ബി സി.എസ് ബിരുദ പരീക്ഷയുടെ ഒക്ടോബർ 5 ന നടത്താനിരുന്ന പരീക്ഷ മാറ്റിവച്ചു. മറ്റ് പരീക്ഷകൾക്ക് മാറ്റമില്ല.

(പി.ആർ.ഒ/39/991/2021)

## അപേക്ഷ തീയതി നീട്ടി

ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. (പുതിയ സ്കീം - 2020 അഡ്മിഷൻ റഗുലർ/2017, 2018, 2019 അഡ്മിഷൻ റീഅപ്പിയറൻസ്), സി.ബി.സി.എസ്.എസ്. (2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്), ഒന്നാം സെമസ്റ്റർ ബി.എസ് സി. സൈബർ ഫോറൻസിക് (2020 അഡ്മിഷൻ സി.ബി.സി.എസ്. റഗുലർ/2019 അഡ്മിഷൻ റീഅപ്പിയറൻസ്, 2014-2018 അഡ്മിഷൻ സി.ബി.സി.എസ്.എസ്. റീഅപ്പിയറൻസ്) യു.ജി. പരീക്ഷകൾക്ക് പിഴയില്ലാതെ ഒക്ടോബർ മൂന്നുവരെയും 525 രൂപ പിഴയോടെ ഒക്ടോബർ നാലുവരെയും 1050 രൂപ സൂപ്പർഫൈനോടെ ഒക്ടോബർ അഞ്ചുവരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/992/2021)

## പരീക്ഷാ തീയതി

സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിലെ രണ്ടാം സെമസ്റ്റർ (റഗുലർ/സപ്ലിമെന്ററി) എം.എ. പ്രോഗ്രാംസ് ഇൻ പൊളിറ്റിക്സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ്, പൊളിറ്റിക്സ് ആന്റ് ഹ്യൂമൻ റൈറ്റ്സ് ആന്റ് പബ്ലിക് പോളിസി ഗവേണൻസ് പരീക്ഷകൾ ഒക്ടോബർ 20 ന് ആരംഭിക്കും. പിഴയില്ലാതെ ഒക്ടോബർ എട്ടുവരെയും 525 രൂപ പിഴയോടെ ഒക്ടോബർ 11 വരെയും 1050 രൂപ സൂപ്പർഫൈനോടെ ഒക്ടോബർ 13 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/993/2021)

(എല്ലാ ജില്ലകളിലും എല്ലാ എഡിഷനുകളിലും നൽകുവാൻ താല്പര്യപ്പെടുന്നു)

## പി.ജി. പൊതുപ്രവേശന പരീക്ഷഫലം പ്രസിദ്ധീകരിച്ചു

മഹാത്മാഗാന്ധി സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിലെയും ഇന്റർ സ്കൂൾ സെന്ററിലെയും 2021-22 അക്കാദമിക വർഷത്തിലെ വിവിധ ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്ക് സെപ്റ്റംബർ 10, 11 തീയതികളിൽ നടന്ന പൊതുപ്രവേശന പരീക്ഷയുടെ താൽക്കാലിക ഫലം പ്രസിദ്ധീകരിച്ചു. പരീക്ഷഫലം രജിസ്റ്റർ നമ്പർ ഉപയോഗിച്ച് www.cat.mgu.ac.in എന്ന വെബ് സൈറ്റിൽ പരിശോധിക്കാം. പൊതു പ്രവേശന പരീക്ഷയുടെ മാർക്ക് കൂടാതെ അതത് പഠന വകുപ്പുകൾ നടത്തുന്ന ഇന്റർവ്യൂ/ ഗ്രൂപ്പ് ഡിസകഷൻ/ വിവരണാത്മക പരീക്ഷ/ കായിക ക്ഷമത പരീക്ഷ എന്നിവയുടെ മാർക്കുകൾ കൂടി ചേർത്തതിന്ശേഷം ഓരോ പ്രോഗ്രാമുകളിലെയും സീറ്റുകൾക്ക് ആനുപാതികമായി സംവരണത്തിന്റെ മാനദണ്ഡത്തിൽ തയാറാക്കുന്ന സെലക്ഷൻ ലിസ്റ്റിൻ്റെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. കൂടുതൽ വിവരങ്ങൾക്ക് ഇമെയിൽ: cat@mgu.ac.in, ഫോൺ: 0481-2733595.

(പി.ആർ.ഒ/39/994/2021)

## വൈവാ -വോസി

സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് നടത്തുന്ന എം.ഫിൽ (2019-20 ബാച്ച്) ഇൻ പൊളിറ്റിക്സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ് പരീക്ഷയുടെ വൈവാ -വോസി (റഗുലർ/റീഅപ്പിയറൻസ്) ഒക്ടോബർ 21 രാവിലെ 10ന് സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ നടക്കും. വിദ്യാർഥികൾ ഒക്ടോബർ 18ന് മുമ്പായി ഡെസർട്ടേഷൻ സമർപ്പിക്കണം. പിഴയില്ലാതെ ഒക്ടോബർ എട്ടുവരെയും 530 രൂപ പിഴയോടെ ഒക്ടോബർ 11 വരെയും 1050 രൂപ സൂപ്പർഫൈനോടെ ഒക്ടോബർ 13 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/995/2021)

2021 സെപ്റ്റംബറിൽ നടന്ന പത്താം സെമസ്റ്റർ ഡി.ഡി.എം.സി.എ. (2016 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ വൈവാവോസി ഒക്ടോബർ നാലുമുതൽ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/996/2021)

## തടഞ്ഞുവച്ച പരീക്ഷഫലം പ്രസിദ്ധീകരിച്ചു

2021 മെയ് മാസത്തിൽ നടന്ന അവസാന വർഷ ബി.എസ് സി. നഴ്സിംഗ് (റഗുലർ - പുതിയ സ്കീം) പരീക്ഷ താൽക്കാലികമായി എഴുതിയതും ഒന്ന്, രണ്ട്, മൂന്ന് വർഷ പരീക്ഷകൾ പൂർത്തിയാക്കാത്തതിനാൽ നാലാം വർഷ പരീക്ഷഫലം തടഞ്ഞുവച്ചതുമായ വിദ്യാർഥികളുടെ പരീക്ഷഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/997/2021)

2021 മെയ് മാസത്തിൽ നടന്ന നാലാം വർഷ ബി.എസ് സി. നഴ്സിംഗ് (റഗുലർ-2016-അഡ്മിഷൻ) പരീക്ഷയുടെ തടഞ്ഞുവയ്ക്കപ്പെട്ട പരീക്ഷഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് നവംബർ 14 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/998/2021)

## പരീക്ഷഫലം

2021 ഫെബ്രുവരി/മാർച്ച് മാസങ്ങളിൽ നടന്ന ഒന്നാം വർഷ ബി.എസ് സി. നഴ്സിംഗ് (പഴയ സ്കീം - മേഴ്സി ചാൻസ്/ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ അഞ്ചുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/999/2021)

2021 ജനുവരിയിൽ സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസ് നടത്തിയ ഒന്നാം സെമസ്റ്റർ എം.ഫിൽ ബിസിനസ് സ്റ്റഡീസ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1000/2021)

2020 മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ് സി. ക്ലിനിക്കൽ ന്യൂട്രിഷൻ ആന്റ് ഡയറ്ററ്റിക്സ് (സപ്ലിമെന്ററി, ബെറ്റർമെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 13 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1001/2021)

2020 നവംബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ് സി. ക്ലിനിക്കൽ ന്യൂട്രീഷൻ ആന്റ് ഡയറ്ററ്റിക്സ് (റഗുലർ, സപ്ലിമെന്ററി, ബെറ്റർമെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 13 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1002/2021)

2020 നവംബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ് സി. ജിയോളജി (റഗുലർ/സപ്ലിമെന്ററി/ബെറ്റർമെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 13 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1003/2021)

2020 നവംബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എ. ഹിസ്റ്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 13 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1004/2021)

2021 ഏപ്രിലിൽ നടന്ന അഞ്ച്, ആറ് സെമസ്റ്റർ ബി.എ. മോഡൽ 1 (പ്രൈവറ്റ് രജിസ്ട്രേഷൻ) സി.ബി.സി.എസ്. (2017, 2018 അഡ്മിഷൻ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 16 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1005/2021)

## ഡോ. ഫ്രെഡറിക് ക്രെമർ വിസിറ്റിംഗ് പ്രൊഫസർ

ജർമ്മനിയിലെ ലീപ്സിഗ് സർവകലാശാലയിലെ പ്രൊഫസർ ഡോ. ഫ്രെഡറിക് ക്രെമറിനെ മഹാത്മാഗാന്ധി സർവകലാശാല വിസിറ്റിംഗ് പ്രൊഫസർ പദവി നൽകി ആദരിച്ചു. സർവകലാശാലയുടെ സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ് സംഘടിപ്പിച്ച ഓൺലൈൻ ശാസ്ത്രപ്രഭാഷണ പരമ്പരയിൽ മുഖ്യപ്രഭാഷണം നടത്തിയ അദ്ദേഹത്തെ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ആദരിച്ചു. ഡൈഇലക്ട്രിക് സ്പെക്ട്രോസ്കോപ്പി രംഗത്ത് പ്രൊഫ. ഫ്രെഡറിക് ക്രെമറിന്റെ സംഭാവനകൾ നിസ്തുലമാണെന്ന് അദ്ദേഹം പറഞ്ഞു. സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച നാലുദിവസത്തെ പ്രഭാഷണ പരമ്പരയിൽ വിവിധ സർവകലാശാലകളിൽ നിന്നും കോളേജുകളിൽ നിന്നുമുള്ള വിദ്യാർഥികൾ പങ്കെടുത്തു. സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലുമായി സഹകരിച്ച് നടത്തുന്ന പരിപാടിയിലൂടെ വിദ്യാർത്ഥികൾക്ക് വിവിധ മേഖലകളിലെ വിദഗ്ധരുമായുള്ള സംവാദത്തിനാണ് സർവകലാശാല അവസരമൊരുക്കുന്നത്.

## ഫോട്ടോ ക്യാപ്ഷൻ

ഫ്രെഡറിക് ക്രെമർ

(പി.ആർ.ഒ/39/1006/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ